# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :22.07.2021

## പത്രക്കുറിപ്പ്

തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ് 33/11കെ.വി സബ്സ്റ്റേഷനിലെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, 8എം.വി.എ ട്രാൻസ്ഫോർമറും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുവാനുള്ള അപേക്ഷ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ 22.02.2021ന് സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷൻ (ഒ.പി. 13/2021) കമ്മീഷൻ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിന്, നേരിട്ടുള്ള പൊതുതെളിവെടുപ്പ് കമ്മീഷൻ 30.07.2021ന് രാവിലെ 10:30ന് തൃശ്ശൂർ രാമനിലയം ഗസ്റ്റ്ഹൗസിൽ വച്ച് നടത്തുകയാണ്. പ്രസ്തുത പൊതുതെളിവെടുപ്പിൽ പങ്കെടുക്കുവാൻ താൽപ്പര്യം ഉള്ളവർ 28.07.2021ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ പേരും വിശദവിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷന്റെ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ടി പൊതുതെളിവെടുപ്പ് കൃത്യമായും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരിക്കും നടത്തപ്പെടുന്നത്. ടി തെളിവെടുപ്പിൽ പങ്കെടുക്കുന്ന എല്ലാവരും മാസ്ക്ക് ധരിച്ച് എത്തുകയും കൃത്യമായ സാമൂഹിക അകലം പാലിക്കുകയും ചെയ്യണമെന്ന് താല്പര്യപ്പെടുന്നു. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ മുഖേന അഭിപ്രായങ്ങൾ അയയ്ക്കുന്നവർ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 28.07.2021 ന് മുമ്പായി കിട്ടത്തക്കവിധം അയയ്ക്കേണ്ടതാണ്.

സെക്രട്ടറി-ഇൻ-ചാർജ്ജ്